# കേരള സർവകലാശാല

നം. പി.ആർ.147/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷാകേന്ദ്രം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് മാസം 17-ന് തുടങ്ങുന്ന രണ്ടാംവർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷകൾക്ക് തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച ബി.സി.എ റഗുലർ വിദ്യാർത്ഥികൾ (നമ്പർ 3061415001-3061415196) (എൽ.എസ്.സി & എസ്.ഡി.ഇ) തിരുവനന്തപുരം എം.ജി കോളേജിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം. തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് റെഗുലർ വിദ്യാർത്ഥികളും (എൽ.എസ്.സി & എസ്.ഡി.ഇ) (നമ്പർ 7001415001-7001415122) ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പുതിയ സ്കീം സപ്ലിമെന്ററി വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജ് ആറ്റിങ്ങലിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതണം. തിരുവനന്തപുരം പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് ബി.സി.എ പഴയ സ്കീം (2013-ന് മുമ്പുള്ള അഡ്മിഷൻ) സപ്ളിമെന്ററി വിദ്യാർത്ഥികൾ ചെമ്പഴന്തി എസ്. എൻ കോളേജിൽനിന്നും ഹാൾടിക്കറ്റ് വാങ്ങി അതെ സെന്ററിൽനിന്നും പരീക്ഷ എഴുതണം.

കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട ബി.സി.എ റഗുലർ (നമ്പർ 3061431001-3061431058) വിദ്യാർത്ഥികളും യു.ഐ.ടി കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട റഗുലർ (നമ്പർ 3061463001-3061463057) ബി.സി.എ വിദ്യാർത്ഥികളും, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ സപ്ലിമെന്ററി പുതിയ സ്കീം (2013 മുതലുള്ള അഡ്മിഷൻ) എസ്.എൻ കോളേജ് കൊല്ലത്തു നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കംമ്പ്യൂട്ടർ സയൻസ് റെഗുലർ ഓൺലൈൻ (നമ്പർ 7001431001-7001431052) വിദ്യാർത്ഥികളും യു.ഐ.ടി കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട റഗുലർ ഓൺലൈൻ (നമ്പർ 7001463001-7001463038) വിദ്യാർത്ഥികളും, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പഴയസ്കീം (2013-ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി വിദ്യാർത്ഥികളും ടി.കെ.എം ആർട്ട്സ് ആന്റ് സയൻസ് കോളേജ് കൊല്ലത്തുനിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

ലജ്നത്തുൾ മുഹമ്മദീയ ആലപ്പുഴ, എം.സി വർഗീസ് ആർട്സ് ആന്റ് സയൻസ് കോളേജ് ഏറ്റുമാനൂർ എന്നീ സെന്ററുകളിലെ വിദ്യാർത്ഥികൾ (റഗുലർ ആന്റ് സപ്ളിമെന്ററി, പുതിയത് & പഴയത്) ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂരിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

തൃശ്ശൂർ നമ്പൂതിരീസ് ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികളും മലപ്പുറം കോളേജിലെ വിദ്യാർത്ഥികളും (റഗുലർ & സപ്ലിമെന്ററി ഓൾഡ് & ന്യൂ സ്കീം) സെന്റ് മൈക്കിൾസ് കോളേജ് ചേർത്തലയിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതണം.

പാലക്കാട് സെൻ്റർ വനേരി എച്ച്.എസ്.എസ് തുടങ്ങിയ സെൻ്ററിലെ വിദ്യാർത്ഥികൾ (റഗുലർ & സപ്ലിമെൻ്ററി, ഓൾഡ് & ന്യൂ) എസ്.എൻ കോളജ് ചേർത്തലയിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

കണ്ണൂർ, കോഴിക്കോട്, താരനെല്ലൂർ എന്നീ സെൻ്ററുകളിലെ വിദ്യാർത്ഥികൾ (റഗുലർ & സപ്ലിമെൻ്ററി - ഓൾഡ് & ന്യൂ സ്കീം) ടി.കെ.എം.എം കോളേജ് നങ്ങ്യാർകുളങ്ങരയിൽ നിന്നും ഹാൾടിക്കറ്റു വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in ലഭിക്കും.

*5(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം അവസാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (ജൂൺ/ജൂലൈ 2016) പ്രോജക്ട് മൂല്യനിർണ്ണയം, വൈവ എന്നിവ ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 20 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷ : ഹാൾടിക്കറ്റ്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 17-ന് തുടങ്ങുന്ന രണ്ടാംവർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷയ്ക്ക് റഗുലർ വിദ്യാർത്ഥികൾ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് തിരിച്ചറിയൽ രേഖയുമായി ബന്ധപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽ എത്തിച്ചേരണം.

## എൽ.എൽ.എം ഫലം : ഒന്നാം റാങ്ക് സ്വാതി സുരേന്ദ്രന്

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് നടത്തിയ എൽ.എൽ.എം (സി.എസ്.എസ് - 2014-16) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സ്വാതി സുരേന്ദ്രൻ(രജി.നം. 140501) ഒന്നാം റാങ്ക് നേടി.

## നോഷണൽ രജിസ്ട്രേഷൻ അനുവദിച്ചു.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ ബി.എ/ബി.എസ്സി/ബി.കോം കോഴ്സുകൾക്ക് (ഏപ്രിൽ/മേയ് 2016) നോഷണൽ രജിസ്ട്രേഷൻ അനുവദിച്ചു. പരീക്ഷഫീസിന് പുറമെ 800 രൂപ നോഷണൽ രജിസ്ട്രേഷൻ ഫീസായി അടയ്ക്കണം. ഫീസ് അടയ്ക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. ഇത് സംബന്ധിച്ച സർവകലാശാല ഉത്തരവ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും

## എം.ടെക് അപേക്ഷ : ആഗസ്റ്റ് 18 വരെ നീട്ടി

കേരള സർവകലാശാല കാര്യവട്ടം ഒപ്റ്റോ ഇലക്ട്രോണിക്സ് പഠനവകുപ്പിലേക്കുള്ള എ.ഐ.സി.ടി.ഇ അംഗീകൃത എം.ടെക് (2016) കോഴ്സിലേക്കുള്ള പ്രവേശനത്തിന് എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 18 വരെ നീട്ടി. വിശദവിവരങ്ങളും അപേക്ഷാഫോമും വെബ്സൈറ്റിൽ (www.keralauniversity.ac.in ലഭിക്കും.

## സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ എം.എസ്‌സി (സി.എസ്.എസ്) സ്റ്റാറ്റിസ്റ്റിക്സ് പ്രവേശനത്തിന് ഒരു എസ്.ടി സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 16 ഉച്ചയ്ക്ക് രണ്ട് മണിക്ക് മുമ്പ് വകുപ്പദ്ധ്യക്ഷനുമായി ബന്ധപ്പെടുക. ഫോൺ. 9895980078, 0471–2308905/071.

കാര്യവട്ടം ഫിസിക്സ് പഠനവകുപ്പിൽ എം.എസ്‌സി (സി.എസ്.എസ് – 2016 അഡ്മിഷൻ) ഫിസിക്സ് പ്രവേശനത്തിന് ഒരു എസ്.ടി സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 16 ഉച്ചയ്ക്ക് മൂന്ന് മണിക്ക് മുമ്പ് വകുപ്പിൽ ഹാജരാകുക.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിലെ മെക്കാനിക്കൽ എൻജിനീയറിംഗ് പഠനവകുപ്പിൽ ഗസ്റ്റ് ലക്ചറർ നിയമനത്തിന് ആഗസ്റ്റ് 18 രാവിലെ 11 മണിയ്ക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി കോളേജ് ഓഫിസിൽ ഹാജരാകണം. യോഗ്യത: മെക്കാനിക്കൽ എൻജിനീയറിംഗ് – എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾക്ക് വിധേയം.

## ഗ്രഹങ്ങളെ കാണുവാൻ അവസരം

കേരള സർവകലാശാല വാനനിരീക്ഷണ കേന്ദ്രത്തിൽ അഞ്ച് ഗ്രഹങ്ങളെ (ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി) കാണുവാനുള്ള അവസരം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകുന്നേരം 6.30 മുതൽ പാസ് മുഖേന ഉണ്ടായിരിക്കും. ഫോൺ. 0471–2303732.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
11.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com    website: www.keralauniversity.ac.in